# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## 25 വർഷമായി ഞാൻ ടെലിവിഷൻ കാണാറില്ല! ഫ്രാൻസിസ് പാപ്പ



വത്തിക്കൻ സിറ്റി: ലോകംമുഴുവനും വ്യാപിച്ചുകിടക്കുന്ന കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ ടെലിവിഷൻ കാണാറില്ലത്രേ! അർജന്റീനിയൻ പത്രം ലാസ് വോസ് ഡെൽ പ്യൂബ്ലോയ്ക്ക് നൽകിയ അഭിമുഖത്തിലാണ് പാപ്പാ ഏവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട് തന്റെ ജീവിതശൈലിയെക്കുറിച്ച് സംസാരിക്കവേ, 1990 ജൂലൈ മാസം മുതൽ താൻ ടെലിവിഷൻ കാണുന്നത് നിർത്തിയെന്നും അത് ദൈവമാതാവിനോട് ത്യാഗപൂർവ്വം നടത്തിയ ഒരു വാഗ്ദാനത്തിന്റെ ഫലമായിരുന്നെന്നും പറഞ്ഞത്. കത്തോലിക്കാസഭയുടെ ഏറ്റവും ഉന്നതമായ സ്ഥാനം തന്നെ തേടിയെത്തിയിട്ടും ആ വാഗ്ദാനത്തിന് ഭംഗം വരുത്തിയിട്ടില്ലെന്ന് പറയുമ്പോൾ ലോകം ആശ്ചര്യപ്പെടുന്നു.

തനിക്കേറെ ഇഷ്ടമുള്ള ഫുട്ബോൾകളി കാണുവാനോ ലോകത്ത് നടക്കുന്ന കാര്യങ്ങൾ അറിയാനോ താൻ ടെലിവിഷൻ കാണാറില്ലെന്നും മറ്റുള്ളവരുടെ സംസാരത്തിൽ നിന്നാണ് വാർത്തകൾ അറിയുന്നതെന്നും പാപ്പാ പറഞ്ഞു. ല റിപ്പബ്ലിക്ക എന്ന ഇറ്റാലിയൻ ദിനപ്പത്രം എല്ലാദിവസവും വായിക്കും. അതാണ് പലപ്പോഴും വാർത്തകൾ അറിയാനുള്ള വഴിയായി സ്വീകരിക്കുന്നത്.

ഇന്റർനെറ്റിൽ യാതൊന്നും തിരയാറില്ല. ഇന്റർനെറ്റ് ഉപയോഗിക്കാറുമില്ല. എല്ലാ ദിവസവും അതിരാവിലെ 4 മണിക്ക് ഉറക്കമുണരുന്ന പാപ്പ ഉച്ചക്ക് അല്പസമയം വിശ്രമിക്കാറുണ്ട്. രാത്രി ഒമ്പതുമണിയാകുമ്പോൾ കിടപ്പുമുറിയിലെത്തി ഒരു മണിക്കൂർ വായിക്കും. പിന്നീട് ഉറക്കം. ലളിതമായ തന്റെ ജീവതശൈലിയെക്കുറിച്ചും ലോകത്തുള്ള എല്ലാക്കാര്യങ്ങളും അറിയണമെന്ന മോഹമില്ലായ്മയെക്കുറിച്ചും പാപ്പാ വാചാലനായപ്പോൾ മാധ്യമങ്ങൾ അത്ഭുതപ്പെട്ടു.

പാപ്പാ ആയപ്പോൾ തനിക്ക് നഷ്ടപ്പെട്ട കാര്യങ്ങളിൽ ഏറ്റവും അധികമായി വേദനിപ്പിക്കുന്നത് തെരുവിലൂടെ ഇറങ്ങി നടക്കാനും ആളുകളെ കാണാനും കടയിൽ പോയി പീസ കഴിക്കാനും സാധിക്കാത്തതാണെന്നും പാപ്പാ പറയുമ്പോൾ ആ എളിയ മനസ് നമുക്ക് കാണാനാകും.